**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **30-06-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധന സഹായം നൽകുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം. ഈ പദ്ധതി പ്രകാരം ഓരോ ഇനങ്ങളിലും താഴെപ്പറയും പ്രകാരം തുക അനുവദിച്ചുവരുന്നു.<br>1. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് - Rs. 30,000/-<br>2. സിവിൽ സർവ്വീസ് - Rs. 25,000/-<br>3. ബാങ്കിംഗ് സർവ്വീസ് - Rs. 20,000/-<br>4. GATE/MAT, UGC/NET/JRF - Rs. 25,000/- |
| (ബി) | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ നിലവിൽ അനുവദിക്കുന്ന ധനസഹായം പരിഷ്കരിച്ചത് ഏത് കാലയളവിലാണെന്ന് അറിയിക്കാമോ; | (ബി) | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലൂടെ നിലവിൽ അനുവദിക്കുന്ന ധനസഹായ നിരക്ക് പരിഷ്കരിച്ചിട്ടില്ല. |
| (സി) | ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ